## സാമൂഹ്യക്ഷേമ ഡയറക്ടറുടെ നടപടി ക്രമങ്ങൾ.

വിഷയം: സാമൂഹ്യക്ഷേമ വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - സംസ്ഥാന പ്ലാൻ ഫണ്ട് 2011-12 - അംഗൻവാടി കെട്ടിട നിർമ്മാണം ഫണ്ട് നൽകാൻ അനുവദിചച്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സാമൂഹ്യക്ഷേമ ഡയറക്ടറുടെ 19-8-2011 ലെ പ്രൊപ്പോസൽ.
2. സ.ഉ. (സാധ) നം. 351/2011/സാ.ക്ഷേ.വ. ഉത്തരവ്.

### ഉത്തരവ് നമ്പർ.ഐ.സി.ഡി.എസ്./എ2-15182/11 തീയതി: 24-10-2011

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ ഐ.സി.ഡി.എസ്സുകളുടെ പരിധിയിൽ വരുന്ന 26 അംഗൻവാടികൾക്ക് സംസ്ഥാന പ്ലാൻ ഫണ്ട് ഉപയോഗിച്ച് അംഗൻവാടി കെട്ടിട നിർമ്മാണം നടത്തുന്നതിനായി വിശദമായ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

ടി പ്രൊപ്പോസൽ പ്രകാരം വിവിധ ജില്ലകളിൽ സ്വന്തമായി സ്ഥലമുള്ളതും കെട്ടിട നിർമ്മാണം നടത്തിയിട്ടില്ലാത്തതുമായ കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, മലപ്പുറം, പാലക്കാട് കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഉൾപ്പെട്ടിട്ടുള്ളതും ചുവടെ കാണിച്ചിരിക്കുന്ന ഐ.സി.ഡി.എസ്സ് പദ്ധതികളുടെ കീഴിൽ പ്രവർത്തിക്കുന്നതുമായ 26 അംഗൻവാടി കേന്ദ്രങ്ങൾക്ക് ഒരു അംഗൻവാടിയ്ക്ക് 3,50,000/- രൂപ (മൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ക്രമത്തിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് ഭരണാനുമതി നൽകി പരാമർശ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

| | ജില്ല | ക്രമ നം. | ഐ.സി.ഡി.എസ്സ് പ്രോജക്ട് | പഞ്ചായത്ത് | അംഗൻവാടി സെന്റർ നം. |
|---|---|---|---|---|---|
| 1 | കൊല്ലം | 1 | അഞ്ചൽ അഡീഷണൽ | ഏരൂർ | 86 |
| | | 2 | കൊല്ലം അർബൻ 1 | കൊല്ലം കോർപ്പറേഷൻ | 7 |
| | | 3 | മുഖത്തല അഡീഷണൽ | [illegible] കൊട്ടാരക്കര | 50 |
| 2 | ആലപ്പുഴ | 4 | ചെങ്ങന്നൂർ | ബുധന്നൂർ | 19 |
| | | 5 | ചമ്പക്കുളം | തലവടി | 51 |
| | | 6 | ആലപ്പുഴ അർബൻ | ആലപ്പുഴ മുൻസിപ്പാലിറ്റി | 32 |
| 3 | പത്തനംതിട്ട | 7 | പന്തളം | പത്തനംതിട്ട മുൻസിപ്പാലിറ്റി | 92 |
| | | 8 | പന്തളം | പത്തനംതിട്ട മുൻസിപ്പാലിറ്റി | 74 |
| | | 9 | റാന്നി അഡീഷണൽ | വടശ്ശേരിക്കര | 34 |
| 4 | കോട്ടയം | 10 | വൈക്കം | തലയാഴം | 54 |
| | | 11 | പള്ളം | പുതുപ്പള്ളി | 93 |
| | | 12 | ഏറ്റുമാനൂർ അഡീഷണൽ | തിരുവാർപ്പ് | 108 |

| | | | | | |
|---|---|---|---|---|---|
| 5 | മലപ്പുറം | 13 | കാളികാവ് | കാളികാവ് | 315 |
| | | 14 | കൊണ്ടോട്ടി | നെടിയിരുപ്പ് | 62 |
| | | 15 | നിലമ്പൂർ | ചുങ്കത്തറ | 293 |
| 6 | പാലക്കാട് | 16 | നെന്മാറ | നെന്മാറ | 20 |
| | | 17 | മലമ്പുഴ | കാടുമ്പ് | 181 |
| | | 18 | പാലക്കാട് | പിരിയിരി | 77 |
| 7 | കോഴിക്കോട് | 19 | ചേളന്നൂർ | കാക്കോടി | 152 |
| | | 20 | പേരാമ്പ്ര | ചങ്കോരത്ത് | 46 |
| | | 21 | കോഴിക്കോട് U 4 | കോഴിക്കോട് കോർപ്പറേഷൻ | 64 |
| 8 | വയനാട് | 22 | പനമരം അഡീഷണൽ | പുതാടി | 69 |
| | | 23 | മാനന്തവാടി അഡീഷണൽ | തൊണ്ടർനാട് | 157 |
| 9 | കാസർഗോഡ് | 24 | കാറഡുക്ക അഡീഷണൽ | മുളിയുർ | 11 |
| | | 25 | കാഞ്ഞങ്ങാട് | മടിക്കൈ | 23 |
| | | 26 | പരപ്പ അഡീഷണൽ | ബേളൂർ | 64 |

ഈ സാഹചര്യത്തിൽ മേൽ പരാമർശിച്ചിരിക്കുന്ന അംഗൻവാടി കെട്ടിട നിർമ്മാണം പരാമർശ സർക്കാർ ഉത്തരവിലെ നിബന്ധനയ്ക്ക് വിധേയമായി ഒരു അംഗൻവാടിയ്ക്ക് 3,50,000/- രൂപ (മൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ക്രമത്തിൽ 26 അംഗൻവാടികൾക്ക് കെട്ടിട നിർമ്മാണം നടത്തുന്നതിനായി അനുവദിച്ചിട്ടുള്ള തുക ചുവടെ പരാമർശിക്കും പ്രകാരം ബന്ധപ്പെട്ട ജില്ലാ പ്രോഗ്രാം ഓഫീസർമാർക്ക് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ലാ പ്രോഗ്രാം ഓഫീസർ | അനുവദിയ്ക്കുന്ന തുക |
|---|---|---|
| 1 | കൊല്ലം | 10,50,000/- രൂപ |
| 2 | ആലപ്പുഴ | 10,50,000/- രൂപ |
| 3 | പത്തനംതിട്ട | 10,50,000/- രൂപ |
| 4 | കോട്ടയം | 10,50,000/- രൂപ |
| 5 | മലപ്പുറം | 10,50,000/- രൂപ |
| 6 | പാലക്കാട് | 10,50,000/- രൂപ |
| 7 | കോഴിക്കോട് | 10,50,000/- രൂപ |
| 8 | വയനാട് | 7,00,000/- രൂപ |
| 9 | കാസർഗോഡ് | 10,50,000/- രൂപ |
| | ആകെ തുക | **91,00,000/- രൂപ** ============= |
| | **തൊണ്ണൂറ്റിയൊന്നു ലക്ഷം രൂപ മാത്രം** | |

ഓരോ ഗ്രാമ പഞ്ചായത്തിനും അർഹമായ തുക ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുടെ പേരിൽ ജില്ലാ പ്രോഗ്രാം ഓഫീസർമാർ ട്രഷറിയിൽ നിന്നും പിൻവലിച്ച് ഡിമാന്റ് ഡ്രാഫ്റ്റായി ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർ മുഖേന നൽകേണ്ടതാണ്. കെട്ടിട നിർമ്മാണം 31-3-2012 ന് മുൻപ് പൂർത്തീകരിച്ച് ധനവിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പ്രോഗ്രാം ഓഫീസർമാർ സാമൂഹ്യക്ഷേമ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. കെട്ടിട നിർമ്മാണത്തിന് അനുവദിച്ച തുകയെക്കാൾ കൂടുതൽ തുക ആവശ്യമായി വരുന്ന പക്ഷം ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. കെട്ടിട നിർമ്മാണത്തിന് അനുവദിച്ച തുക ചെലവഴിക്കാൻ കഴിയാതെ വരുന്ന സാഹചര്യമുണ്ടെങ്കിൽ ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനുള്ളിൽ തുക സറണ്ടർ ചെയ്യേണ്ടതാണ്. പ്രസ്തുത വിവരം കത്ത് മുഖേന അഡീഷണൽ ഡയറക്ടറെ അറിയിക്കേണ്ടതാണ്.

ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർ കെട്ടിട നിർമ്മാണ പുരോഗതി വിലയിരുത്തുകയും പുരോഗതി റിപ്പോർട്ട് ഓരോ മാസവും 15-ാം തീയതിയ്ക്ക് മുൻപായി ബന്ധപ്പെട്ട ജില്ലാ പ്രോഗ്രാം ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതും ജില്ലാ പ്രോഗ്രാം ഓഫീസർമാർ അവയുടെ ക്രോഡീകരിച്ച റിപ്പോർട്ട് സാമൂഹ്യക്ഷേമ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

ഇതിലേയ്ക്കാവശ്യമായ 91,00,000/- രൂപ (തൊണ്ണൂറ്റിയൊന്ന് ലക്ഷം രൂപ മാത്രം) 2235-02-102-56 (പ്ലാൻ) ശീർഷകത്തിൽ വഹിക്കേണ്ടതാണ്.

(ഒപ്പ്)

**സാമൂഹ്യക്ഷേമ ഡയറക്ടർ**

ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ,
കൊല്ലം, ആലപ്പുഴ, പത്തനംതിട്ട
കോട്ടയം, മലപ്പുറം, പാലക്കാട്
കോഴിക്കോട്, വയനാട്, കാസർഗോഡ്

ഉത്തരവിൻ പ്രകാരം

N. Jemelam

അക്കൗണ്ട്സ് ഓഫീസർ

RS